(ബി) കടപ്ലമറ്റം സ്കൂളിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള കാല താമസം ഒഴിവാക്കുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ*?

ഉത്തരം

(എ) പുതുതായി ഒരു പ്രൊപ്പോസൽ കൂടി ലഭിച്ചിട്ടുണ്ട്. ടി പ്രൊപ്പോസലിൻമേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കോതമംഗലം മേഖലാ ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഹൈലവൽ കമ്മിറ്റിയുടെ അംഗീകാരം വാങ്ങുന്നതിനുള്ള ശിപാർശ തയ്യാറാക്കി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് എഞ്ചിനീയറിംഗ് സെക്ടറിൽ ഉള്ള പ്രൊഫഷണൽ കോളേജുകൾ

137 (1193) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എഞ്ചിനീയറിംഗ് സെക്ടറിൽ എത്ര പ്രൊഫഷണൽ കോളേജുകൾ നിലവിലുണ്ട് ; കഴിഞ്ഞ അഞ്ച് വർഷത്തിൽ ഓരോ വർഷവും എത്ര പേർ വീതം പ്രൊഫഷണൽ കോഴ്സ് പാസ്സായി പുറത്തിറങ്ങിയിട്ടുണ്ട് ; ഇതിൽ ക്യാമ്പസ് സെലക്ഷൻ കിട്ടിയവർ ഓരോ വർഷവും എത്ര ശതമാനം വീതമായിരുന്നു ; 2014-15-ൽ എഞ്ചിനീയറിംഗ് കോഴ്സ് പൂർത്തിയാക്കുന്നവരെത്ര ; അതിൽ പാസ്സായിട്ടുള്ളവർ എത്ര ; അതിൽ ക്യാമ്പസ് സെലക്ഷൻ കിട്ടിയവർ എത്ര ;

(ബി) 2015-16-ൽ എഞ്ചിനീയറിംഗ് പ്രൊഫഷണൽ കോഴ്സ് ഫൈനൽ ഇയർ പരീക്ഷ എഴുതുന്നവർ എത്ര ?

ഉത്തരം

(എ) സംസ്ഥാനത്ത് എഞ്ചിനീയറിംഗ് സെക്ടറിൽ ആകെ 173 പ്രൊഫഷണൽ കോളേജുകൾ നിലവിലുണ്ട്. കഴിഞ്ഞ അഞ്ച് വർഷത്തിൽ ഓരോ വർഷവും പ്രൊഫഷണൽ കോഴ്സ് പാസ്സായി പുറത്തിറങ്ങിയവരുടെ എണ്ണം അനുബന്ധമായി ചേർത്തിട്ടുണ്ട്. കൂടാറ്റിൽ ഇതുവരെ 210 പേർക്ക് ക്യാമ്പസ് സെലക്ഷൻ കിട്ടിയിട്ടുണ്ട്. മറ്റ് സർവ്വകലാശാലകളിൽ ക്യാമ്പസ് സെലക്ഷൻ കിട്ടിയവരുടെ എണ്ണം ലഭ്യമല്ല. 2014-15 വർഷത്തിൽ കണ്ണൂർ സർവ്വകലാശാലയുടെ കീഴിൽ 1915 പേരും, കാലിക്കറ്റ് സർവ്വകലാശാലയുടെ കീഴിൽ 7957 പേരും, എം.ജി. സർവ്വകലാശാലയുടെ കീഴിൽ 11452 പേരും, കേരള സർവ്വകലാശാലയുടെ കീഴിൽ 9,346 പേരും, എഞ്ചിനീയറിംഗ് കോഴ്സ് പൂർത്തിയാക്കുമെന്ന് സർവ്വകലാശാലകൾ അറിയിച്ചിട്ടുണ്ട്. ഇവരുടെ ഫൈനൽ ഇയർ പരീക്ഷ 2015 ഏപ്രിൽ-മേയ് മാസങ്ങളിൽ നടക്കും.

(ബി) 2015-16-ലെ എഞ്ചിനീയറിംഗ് പ്രൊഫഷണൽ കോഴ്സ് ഫൈനൽ ഇയർ പരീക്ഷയുടെ രജിസ്ട്രേഷൻ നടക്കാനിരിക്കുന്നതേയുള്ളൂ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly